"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024-25 വർഷത്തെ ഒന്നാമത്തെ സരസ് മേള ആലപ്പുഴ വെച്ച് നടത്തുന്നത് - മേള നടത്തിപ്പിനായി കുടുംബശ്രീയ്ക്ക് തുക അനുവദിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് യഥേഷ്ടാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2416/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-

1. 16.07.2016 തീയതിയിലെ സ.ഉ (സാധാ)2141/2016/LSGD നമ്പർ സർക്കാർ ഉത്തരവ്.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.11.2024-ലെ KSHO/2679/2024-J1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സംസ്ഥാനത്ത്, NRLM പദ്ധതി പ്രകാരമുള്ള സരസ് മേളകൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതല കുടുംബശ്രീയ്ക്കാണ് നൽകിയിട്ടുള്ളത്. കുടുംബശ്രീയുടെയും ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പങ്കാളിത്തത്തോടെ 2024-25 വർഷത്തെ ആദ്യത്തെ സരസ് മേള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് 2025 ജനുവരി 20 മുതൽ 31 വരെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ NRLM-ൽ നിന്നുള്ള വിഹിതം, കുടുംബശ്രീയുടെ പദ്ധതി വിഹിതം എന്നിവയ്ക്ക് പുറമേ, സരസ് മേള വിജയകരമായി സംഘടിപ്പിക്കുന്നതിന് അധിക തുക ആവശ്യമായുണ്ടെന്നും ആയതിനാൽ മേളയുടെ നടത്തിപ്പിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50,000/- രൂപ വീതവും കുടുംബശ്രീയ്ക്ക് നൽകുന്നതിന് അതാത് ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. NRLM/SGSY - ന് കീഴിൽ ഇന്ത്യ ഒട്ടാകെയുള്ള സ്വയംസഹായ സംഘങ്ങളാണ് സരസ് മേളയിൽ അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി എത്തുന്നത്. ഗ്രാമീണ സംരംഭകർക്ക് അവരുടെ തനത് ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേക്ക് എത്തിക്കാനും

വിപണനത്തിലൂടെ മാന്യമായ വരുമാനം നേടിയെടുക്കുന്നതിനും അതോടൊപ്പം ഭാരതത്തിന്റെ ബഹുസ്വരതയെ ആഘോഷിക്കാനും ഉയർത്തിപ്പിടിക്കാനും ലക്ഷ്യം വച്ചുകൊണ്ടാണ് സരസ് മേളകൾ സംഘടിപ്പിക്കുന്നത്. ഇതിന്റെ പ്രാധാന്യം സർക്കാർ ഉൾക്കൊള്ളുന്നു. ഈ സാഹചര്യത്തിൽ 2024-25 വർഷത്തെ ആദ്യത്തെ സരസ് മേള ആലപ്പുഴ ജില്ലയിൽ ഭംഗിയായും വിജയകരമായും സംഘടിപ്പിക്കുന്നതിന്, ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50,000/- രൂപ വീതവും, ലഭ്യമായ തനത് ഫണ്ടിൽ നിന്നോ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നോ കുടുംബശ്രീയ്ക്ക് നൽകുന്നതിന് ആലപ്പുഴ ജില്ലയിലെ ജില്ല/ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ആലപ്പുഴ ജില്ലയിലെ എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ആലപ്പുഴ ജില്ലയിലെ എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 10-12-2024 14:20:42
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി